## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4** 28.06.2016-ൽ മറുപടിക്ക്

# കസ്തൂരി രംഗൻ റിപ്പോർട്ടിൻമേലുള്ള നടപടികൾ

**ചോദ്യം**

ശ്രീ. അടൂർ പ്രകാശ്
ശ്രീ. സണ്ണി ജോസഫ്
ശ്രീ. കെ.എസ്. ശബരീനാഥൻ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

.....

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ മുൻ സർക്കാർ എന്തെല്ലാം സത്വര നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ ;

(ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാനം എടുത്തത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(എ) & (ബി) കസ്തൂരിരംഗൻ കമ്മിറ്റി കേരളത്തിലെ 123 വില്ലേജുകളിൽ ഉൾപ്പെടുന്ന പശ്ചിമഘട്ടത്തിലെ 13108 ചതുരശ്ര കിലോ മീറ്റർ പ്രദേശത്തെ പരിസ്ഥിതിലോല പ്രദേശമായി (ESA) കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോ മീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമല്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോ മീറ്റർ ആയി പരിസ്ഥിതിലോല പ്രദേശം നിജപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ്വ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമെ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(Contd.........2....)

| | |
|---|---|
| സി) എന്തെല്ലാം ശുപാർശകളാണ് സംസ്ഥാന സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റി കേന്ദ്രത്തിന് സമർപ്പിച്ചത് ; | (സി) മൂന്നംഗ കമ്മിറ്റിയുടെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ഡി) ഇതിന്മേൽ കേന്ദ്രം എന്ത് നിലപാടാണ് കൈക്കൊണ്ടത് എന്ന് വിശദമാക്കുമോ ? | (ഡി) ഈ കാര്യത്തിൽ കേന്ദ്രസർക്കാർ ഇതുവരെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## കസ്തൂരിരംഗൻ കമ്മിറ്റി നിർദ്ദേശങ്ങളെ സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ട് (സംക്ഷിപ്തരൂപം)

പശ്ചിമഘട്ട മലനിരകൾ ലോകത്തെ 8 അതിതീവ്ര ജൈവവൈവിധ്യ മേഖലകളിൽ (Hottest Biodiversity Hotspots) ഒന്നാണ്. ഭാരതത്തിലെ ആകെ സ്പീഷീസുകളുടെ 27 ശതമാനം പശ്ചിമഘട്ടത്തിൽ കാണപ്പെടുന്നു. പശ്ചിമഘട്ടത്തിൽ കാർഷികവിളകളുടെ നിരവധി വന്യബന്ധുക്കളുമുണ്ട്. കുരുമുളക്, ഏലം, മാവ്, പ്ലാവ്, വാഴ എന്നിവയുടെ വന്യബന്ധുക്കൾ ഇതിൽ ഉൾപ്പെടും. ഒട്ടേറെ ജലാശയങ്ങളുടെ ഉൽഭവസ്ഥാനമായ പശ്ചിമഘട്ടത്തെ 25 കോടിയിലേറെ ജനങ്ങൾ കുടിവെള്ളത്തിനും കൃഷിക്കും ആശ്രയിക്കുന്നുണ്ട്. ഭാരതത്തിന്റെ കാലാവസ്ഥയിലും പശ്ചിമഘട്ട മലനിരകൾ നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. വിലപ്പെട്ട ഈ പരിസ്ഥിതി സമ്പത്തുകളുടെ നശീകരണവും മലിനീകരണവും ഒരു കാരണവശാലും അനുവദിക്കാനാവുന്നതല്ല. അതേസമയം തലമുറകളായി കൃഷിയും മറ്റ് തൊഴിലുകളും ഉപജീവനമാർഗമാക്കിയ സാമാന്യജനങ്ങളുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്ന ഒരു നടപടിയും ഉണ്ടാകാനും പാടില്ല. ഈ കാഴ്ചപ്പാടോടെയാണ് വിദഗ്ധ സമിതി കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായം സ്വരൂപിച്ചതും അതിനനുസരണമായി നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയതും.

സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്:-

- ഇ.എസ്.എ. ആയി കസ്തൂരിരംഗൻ കമ്മിറ്റി കണ്ടെത്തിയ പ്രദേശങ്ങളിലും ESZ1, ESZ2 എന്നിവയായി ഗാഡ്ഗിൽ കമ്മിറ്റി കണ്ടെത്തിയ പ്രദേശങ്ങളിലും ഫീൽഡ്തല സർവേ (ഫിസിക്കൽ വെരിഫിക്കേഷൻ) നടത്തി തൽസ്ഥിതി കണ്ടെത്തണം. ഇങ്ങനെ ജനവാസ കേന്ദ്രങ്ങളും, കൃഷിസ്ഥലങ്ങളും തോട്ടങ്ങളും, വനവും വേർതിരിക്കണം. ഈ പ്രദേശങ്ങളിൽ നിലവിലുള്ള ജനസാന്ദ്രത പരിശോധിക്കാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു. പശ്ചിമഘട്ട ത്തിലെ മറ്റു ഗ്രാമങ്ങളിൽ പലയിടത്തും സംരക്ഷിക്കപ്പെടേണ്ട വനഭൂമിയും, കാവുകളും, പുൽമേടുകളും, മൊട്ടക്കുന്നുകളും, പാറക്കെട്ടുകളും ഉണ്ട്, അവയെയും കണ്ടെത്തി പരി സ്ഥിതിലോല പ്രദേശമായി സംരക്ഷിക്കുക. ജനവാസകേന്ദ്രങ്ങളും, കൃഷിസ്ഥലങ്ങളും, തോട്ടങ്ങളും മാത്രം E.S.Aയിൽ നിന്നും ഒഴിവാക്കുക;

- ജൈവക്കൃഷിയിലേക്ക് നേരിട്ട് പ്രവേശിക്കുന്നതിനുപകരം കേന്ദ്രഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്ന 'ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ്' പ്രോത്സാഹിപ്പിക്കുക. കാലക്രമേണ പൂർണ ജൈവക്കൃഷിയിലേക്ക് മാറാൻ ഇവരെ പ്രോത്സാഹിപ്പിക്കുകയും രാസക്കൃഷിയിൽ നിന്നും ജൈവക്കൃഷിയിലേക്കുള്ള പരിവർത്തനഘട്ടത്തിൽ (10 വർഷം) കർഷകരുടെ സാമ്പത്തിക നഷ്ടം പൂർണമായും സർക്കാർ നികത്തുകയും വേണം.

- ഇ.എഫ്.എൽ. നിയമം അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പണ്ടേ നേടിക്കഴിഞ്ഞ സ്ഥിതിക്ക് ഇനിമേൽ ഇ.എഫ്.എൽ. നിയമം അനുസരിച്ച് ആരുടെ ഭൂമിയും ഏറ്റെടുക്കാൻ കഴിയാത്തവിധം നിയമം റദ്ദു ചെയ്യുക. പക്ഷേ ഈ വിഷയവുമായി കോടതിയിൽ നടക്കുന്ന കേസുകളിൽ നിയമമനുസരിച്ച് കോടതി തീരുമാനമെടുക്കട്ടെ.

- നിലവിലുള്ള കൃഷികളിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും കർഷകന്റെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി പശ്ചിമഘട്ട പ്രദേശങ്ങളിൽ സംയോജിതക്കൃഷി പ്രോത്സാഹിപ്പിക്കുക.

- സങ്കരയിനം പശുക്കൾ വളർത്തുന്നതിന് നിരോധനമുണ്ടാവരുത്. പ്രതികൂല കാലാവസ്ഥയെ ചെറുക്കാൻ കെല്പുള്ള നാടൻ കന്നുകാലിയിനങ്ങൾ പ്രോത്സാഹിപ്പിക്കണം.

- യൂക്കാലിപ്റ്റസ്, അക്കേഷ്യ, തേക്ക് തുടങ്ങിയ ഏകവിളക്കൃഷികൾ പശ്ചിമഘട്ട പ്രദേശങ്ങളിലെ വനാതിർത്തിയിൽ നിരോധിക്കണം.

- റബ്ബർ, കാപ്പി, തേയില തുടങ്ങിയ നാണ്യവിളകളെ ഏകവിള നിരോധനം ബാധിക്കില്ലെന്ന് സർക്കാർ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ച് കർഷകരുടെ ആശങ്ക അകറ്റണം.

- മനുഷ്യനെയും കൃഷിയെയും വന്യജീവികൾ ആക്രമിക്കുന്നതു തടയാനായി V ആകൃതിയിൽ 2 മീറ്റർ ആഴവും 4 മീറ്റർ വീതിയുമുള്ള ട്രെഞ്ചുകളും സൗരോർജ്ജ വേലികളും ഈ പ്രദേശങ്ങളിൽ ഉണ്ടാക്കണം. വന്യമൃഗങ്ങളുണ്ടാക്കുന്ന കൃഷിനാശത്തിന് ഇപ്പോൾ നൽകുന്ന ധനസഹായം പര്യാപ്തമാണോ എന്നത് പരിശോധിക്കണം.

- വനാവകാശനിയമപ്രകാരവും പാരമ്പര്യമായും പട്ടികവർഗക്കാർക്ക് പശ്ചിമഘട്ട പ്രദേശങ്ങളിൽ ലഭിച്ചിട്ടുള്ളതും കൈവശം വച്ചനുഭവിച്ചുവരുന്നതുമായ പാർപ്പിടം, കൃഷി, ഉപജീവനം എന്നിവയ്ക്ക് ഈ റിപ്പോർട്ട് തടസ്സമാവരുത്.

- ഡയനാമിറ്റും മറ്റ് സ്ഫോടക വസ്തുക്കളും രാസപദാർത്ഥങ്ങളും (നഞ്ച് മുതലായവ) ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണമായും നിരോധിക്കുക. അധിനിവേശമത്സ്യങ്ങൾ സംരക്ഷിത പ്രദേശങ്ങളിലെ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന സാഹചര്യം കർശനമായി നിയന്ത്രിക്കുക.

- വിനോദ സഞ്ചാരസംരംഭങ്ങളെ പരിസ്ഥിതി സൗഹൃദപരമായ രീതിയിൽ പ്രോത്സാഹിപ്പിക്കുക വഴി പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാനും ഒപ്പം കർഷകരുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്താനും സാധിക്കും. സമുദ്രനിരപ്പിൽ നിന്നും 500 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഏലത്തോട്ടങ്ങളിലും കുരുമുളക് തോട്ടങ്ങളിലും മറ്റും വിനോദസഞ്ചാരികളുടെ താമസത്തിനും മറ്റുമായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഉയരം 8 മീറ്ററിൽ പരിമിതപ്പെടുത്തണം.

- പശ്ചിമഘട്ട പ്രദേശത്ത് മാത്രമല്ല, കേരളത്തിന്റെ മറ്റ് പ്രദേശങ്ങളിലും സ്വകാര്യ ഭൂമി യിലുള്ള മരങ്ങൾ മുറിക്കുന്നതിന് അനുവാദം ആവശ്യമില്ല എന്ന തീരുമാനം ഗവൺമെന്റ് തലത്തിൽ എടുക്കേണ്ടതാണ്.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് ആ സേവനത്തിന്റെ പ്രതി ഫല മായി സംരക്ഷണസേവനവേതനം നൽകേണ്ടതുണ്ട്.
- പശ്ചിമഘട്ടത്തിലെ ഇപ്പോൾ ഖനനം നടക്കുന്ന പ്രദേശങ്ങളിൽ തൽസ്ഥിതി പരിശോ ധിച്ച ശേഷം വനമായി സംരക്ഷിക്കേണ്ട പ്രദേശത്തിനുള്ളിലാണെങ്കിൽ ഉടനെ ഖനനം അവ സാനിപ്പിക്കണം. ഇതിനുവേണ്ടി നിയമപ്രകാരം നോട്ടീസ് നൽകി ക്വാറി ലൈസൻസ് റദ്ദു ചെയ്യാവുന്നതാണ്.
- പശ്ചിമഘട്ട പ്രദേശങ്ങളിൽ അനുമതി കൂടാതെ പ്രവർത്തിക്കുന്നതും ഈ പ്രദേശങ്ങ ളിൽ വനത്തിൽ ഉൾപ്പെടുന്നതുമായ ക്വാറികൾ ഉടനെ നിർത്തലാക്കാൻ കർശന നട പടി എടുക്കണം. പശ്ചിമഘട്ടത്തിൽ വനമായി സംരക്ഷിക്കപ്പെടുന്ന പ്രദേശങ്ങൾക്ക് പുറത്ത് ക്വാറി കൾ അനുവദിക്കുന്നത് വനാതിർത്തിയിൽ നിന്നും 500 മീറ്ററെങ്കിലും അകലം പാലിച്ചായിരിക്കണം. ഈ പ്രദേശങ്ങളിൽ നടത്തുന്ന ഖനന പ്രവർത്തനങ്ങൾക്ക് SEIAAയുടെ ക്ലിയറൻസ് നിർബന്ധമായും വാങ്ങണമെന്ന് നിഷ്ക്കർഷിക്കണം.
- പല റിസർവോയറുകളിലും മണൽ അടിഞ്ഞുകൂടുന്നതിന്റെ ഫലമായി ഇവയുടെ സംഭ രണശേഷി കുറയുന്നുണ്ട്. അതിനാൽ ഇതുമായി ബന്ധപ്പെട്ട വിദഗ്ധരുടെ അഭിപ്രായത്തിനും സാന്റ് ഓഡിറ്റിങ്ങിനും വിധേയമായി ഇവിടങ്ങളിൽ നിന്നുള്ള മണൽ എടുത്ത് ന്യായമായ വിലയ്ക്ക് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നട പടി ഗവൺമെന്റ് തലത്തിൽ ഉണ്ടാകണം.
- പശ്ചിമഘട്ട പ്രദേശങ്ങളിൽ അനിയന്ത്രിതമായും അശാസ്ത്രീയമായും കുഴൽക്കിണറു കൾ കുഴിയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ട നിയന്ത്രണങ്ങളെക്കുറിച്ച് ഉചിതമായ തീരുമാനങ്ങൾ സർക്കാർ എടുക്കേണ്ടതാണ്.
- പശ്ചിമഘട്ടമേഖലയിൽ സമുദ്രോപരിതലത്തിൽ നിന്നും 500 മീറ്ററിന് മേൽ ഉയ രമുള്ള സ്ഥലങ്ങളിൽ, ഭൂമിയുടെ ഉപരിതലത്തിൽ നിന്നും കെട്ടിടങ്ങളുടെ ഉയരം 8 മീറ്ററായി പരി മിതപ്പെടുത്തണം.
- പശ്ചിമഘട്ട പ്രദേശങ്ങളിൽ ജനജീവിതത്തിന് ആവശ്യമായ ആശുപത്രികൾ, വിദ്യാ ലയങ്ങൾ, ദേവാലയങ്ങൾ ഭക്ഷ്യ സുരക്ഷയെ ബാധിക്കുന്ന പാൽ സംസ്ക്കരണ യൂണിറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രത്യേക പരിഗണന നൽകി നിരോധനത്തിൽ നിന്നും ഒഴിവാക്കണം. മറ്റ് വികസന പ്രവർത്തനങ്ങൾ SEIAA ക്ലിയറൻസിന്വിധേയമായി മാത്രം അനുവദിക്കുക.

- പരിസ്ഥിതിസൗഹൃദ വികസനം, പരിസ്ഥിതിയ്ക്കിണങ്ങുന്ന വിധത്തിലുള്ള ജലലഭ്യത, പാരമ്പര്യേതര ഊർജ സ്രോതസ്സുകളുടെ ഉപയോഗം, വിൻഡ് മിൽ, പരമ്പരാഗത പരി സ്ഥിതി സൗഹൃദ കെട്ടിടങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തുംവിധവും, മലിനീകരണവും പരിസ്ഥിതി നശീകരണവും പരമാവധി ഒഴിവാക്കിക്കൊണ്ട് ഈ പ്രദേശങ്ങ ളിലെ പഞ്ചായത്തുകൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്.
- ലെവി ഇനത്തിൽ ലഭ്യമാകുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും സംസ്ഥാനത്തിന്റെയും ജൈവവൈവിധ്യ ഫണ്ടിൽ നിക്ഷേപിച്ച് ബി.എം.സി. (ജൈവവൈവിധ്യ പരിപാലന സമിതി) യുടെ മേൽനോട്ടത്തിൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം.
- പരിസ്ഥിതി നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവ ലംഘിക്കപ്പെടുന്ന എല്ലാ നടപടികളും പരിസ്ഥിതി ശോഷണ പ്രവർത്തനങ്ങളും അധികാരികളെ അറിയിക്കാനുള്ള ചുമതല ജൈവവൈവിധ്യ പരിപാലന സമിതികൾക്കാണ്. ഈ സമിതികൾക്ക് കൂടുതൽ പ്രവർത്തന സൗകര്യങ്ങൾ നൽകി ഇവയെ ശാക്തീകരിക്കുന്നത് നല്ലതായിരിക്കും.
- 1977 ജനുവരി 1 ന് മുമ്പേ ഭൂമിയുടെ കൈവശാവകാശമുള്ളവർക്കും അവരുടെ പിൻഗാ മികൾക്കും പട്ടയം നൽകാമെന്ന് നൽകിയിട്ടുള്ള വാഗ്ദാനം ഉടനെ നടപ്പിലാക്കുക.
- ഇ.എസ്.എ. പ്രദേശത്തിന് പുറത്തുള്ള വനപ്രദേശങ്ങളെയും, കാവുകളെയും, പുൽമേടു കളെയും കണ്ടെത്തി സംരക്ഷിക്കണം. ഈ സാഹചര്യത്തിൽ ഇ.എസ്.എ.ക്ക് 10 കി.മീ. ബഫർ സോൺ നിർണയിക്കേണ്ട കാര്യമില്ല.